# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3066

18.10.2016-ൽ
മറുപടിയ്ക്ക്

## വ്യവസായ സോണുകളുടെ രൂപീകരണം

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) ബജറ്റ് പ്രസംഗത്തിൽ അഞ്ച് വിവിധോദ്ദേശ്യ വ്യവസായ സോണുകൾ ആരംഭിക്കുമെന്ന് സൂചിപ്പിച്ചിരുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ ആരംഭിച്ചു; വ്യക്തമാക്കുമോ; | എ) ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച അഞ്ച് വിവിധോദ്ദേശ വ്യവസായ സോണുകൾ താഴെ പറയുന്നവയാണ്.<br>1. പട്ടാന്നൂർ, കണ്ണൂർ - 500 ഏക്കർ<br>2. പനയത്താൻപറമ്പ് - 500 ഏക്കർ<br>3. തൊട്ടുപുഴ - 900 ഏക്കർ<br>4. മങ്കട, മലപ്പുറം - 700 ഏക്കർ<br>5. വിഴിഞ്ഞം - 500 ഏക്കർ<br>6. കാസർഗോഡ് - 500 ഏക്കർ<br>ഇവയിൽ പനയത്താമ്പറമ്പിലെ 500 ഏക്കർ ഭൂമി, തൊട്ടുപുഴയിൽ 900 ഏക്കർ ഭൂമി, മങ്കടയിൽ 690 ഏക്കർ ഭൂമി എന്നിവ ഏറ്റെടുക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. പട്ടാന്നൂരിൽ 500 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. വിഴിഞ്ഞത്തും കാസർഗോഡും പദ്ധതിക്കനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടില്ല. |
| ബി) ആദ്യഘട്ടത്തിൽ എവിടെയാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; | ബി) ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി ലഭിച്ച പനയത്താമ്പറമ്പ്, തൊട്ടുപുഴ, മങ്കട എന്നീ സ്ഥലങ്ങളിൽ ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തീകരിച്ച് ഭൂമി ലഭ്യമാവുന്ന മുറക്ക് പദ്ധതിയുടെ ആദ്യഘട്ടം ആരംഭിക്കാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്. |

| | |
|---|---|
| **സി)** ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | **സി)** ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി ലഭിച്ച പനയത്താമ്പറമ്പ്, തൊട്ടുപുഴ, മങ്കട എന്നീ സ്ഥലങ്ങളിൽ ലാന്റ് അക്വിസിഷന്റെ തുടർനടപടികൾ കിൻഫ്രയും അതാത് ജില്ലാ ഭരണകൂടവും സ്വീകരിച്ചു വരുന്നു. ഭരണാനുമതി ലഭിക്കാത്ത പട്ടാന്നൂരിൽ അനുമതി ലഭിക്കുന്നതിനുള്ള തുടർനടപടികൾ കിൻഫ്ര സ്വീകരിച്ചു വരുന്നു. വിഴിഞ്ഞത്തും കാസർഗോഡും പദ്ധതിക്കനുയോജ്യമായ ഭൂമി കണ്ടെത്തുന്ന മുറക്ക് ഇതിന്റെ തുടർനടപടികൾ സ്വീകരിക്കാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**